**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4744** **19-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും തുകയും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെചേർക്കുന്നു.<br><br>**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**<br><br>കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ഗ്രാന്റ് അനുവദിക്കുന്നു. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.<br><br><table><tr><td>പദ്ധതി</td><td>യൂണിറ്റുകളുടെ എണ്ണം</td><td>ചെലവഴിച്ച തുക</td></tr><tr><td>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം</td><td>2</td><td>4,00,000/-</td></tr></table><br>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, പദ്ധതിയിൽ ആരംഭിച്ച യൂണിറ്റുകൾ നന്നായി പ്രവർത്തിച്ചുവരുന്നു.<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു<br><br>മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)

**(എ) മത്സ്യബന്ധന ഉപകരണ വായ്പ**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു. പ്രസ്തുത വായ്പ 2018 - 2019 വർഷം മുതൽ പലിശ രഹിതമായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ 10 മത്സ്യബന്ധന ഗ്രൂപ്പിലെ 29 അംഗങ്ങൾക്കായി 29.22 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട് പ്രസ്തുത വായ്പയുടെ തിരിച്ചടവ് 98 ശതമാനമാകുന്നു.

**(ബി) പ്രവർത്തന മൂലധന വായ്പ**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സം ഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുന്നതിനായി സഹകരണ സംഘങ്ങൾ തീരദേശ മത്സ്യലേലം നടപ്പിലാക്കി വരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടു വരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതി പ്രകാരം സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഒരു സഹകരണ സംഘത്തിന് 4 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 87 ശതമാനമാകുന്നു.

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എ ഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം. ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ട കൂടിയുള്ള വായ്പാ പദ്ധതികൾ

**(എ) മൈക്രോഫിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എ.ഡി.എഫ്.സി-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പയ്യന്നൂർ മണ്ഡലത്തിൽ ഒരു സഹകരണ സംഘത്തിലെ രണ്ട്

സ്വയം സഹായ ഗ്രൂപ്പുകളിലെ 26 അംഗങ്ങൾക്കായി 7.80 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 100 ശതമാനമാകുന്നു.

**(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10000/രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/- രൂപ വിതരണം ചെയ്തു വരുന്നു. പലിശ രഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ. എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ പയ്യന്നൂർ മണ്ഡലത്തിൽ രണ്ട് സഹകരണ സംഘങ്ങളിലായി അഞ്ച് പ്രവർത്തന ഗ്രൂപ്പിലെ 16 അംഗങ്ങൾക്ക് 2.75 ലക്ഷം രൂപ പലിശ രഹിത വായ്പയായി വി തരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പയുടെ തിരിച്ചടവ് 100 ശതമാനമാകുന്നു.

<u>**3. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി**</u>

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ ഈ പദ്ധതി വഴി പയ്യന്നൂർ മണ്ഡലത്തിൽ 3 പേർക്ക് ആകെ 70,921/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>**പ്രധാനമന്ത്രി മത്സ്യസമ്പദ യോജന**</u>

ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതു വരെ മത്സ്യബന്ധന വകപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പദായോജന എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| 2021 മുതൽ 2025 ഫെബ്രുവരി വരെയുള്ള കാലയളവിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ | | | |
|---|---|---|---|
| **ക്രമ നം** | **പ്രവൃത്തി** | **തുക (ലക്ഷത്തിൽ)** | **നിലവിലെ സ്ഥിതി** |
| 1. | കണ്ണൂർ ജില്ല - തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - മുല്ലക്കോട് താലോത്ത് വയൽ റോഡ് - പയ്യന്നൂർ മുനിസിപ്പാലിറ്റി -കണ്ണൂർ ജില്ല | 146.90 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | കണ്ണൂർ ജില്ല- തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - തോട്ടം കടവ് പാലം -പയ്യന്നൂർ മുനിസിപ്പാലിറ്റി - കണ്ണൂർ ജില്ല | 40.40 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3. | കണ്ണൂർ ജില്ല- തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി-കണ്ണൂർ ജില്ലയിലെ കരിവള്ളൂരിലെ കുണിയൻ എടാട്ടുമ്മൽ ലിങ്ക് റോഡ് - മെച്ചപ്പെടുത്തൽ - പെരളം ഗ്രാമപഞ്ചായത്ത് | 54.10 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4. | കണ്ണൂർ ജില്ല- തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - പയ്യന്നൂർ നഗരസഭയിലെ പുഞ്ചക്കാട് മദ്രസ - കോട്ടയാട് ലിങ്ക് റോഡ് നവീകരിക്കുന്ന പ്രവൃത്തി. | 9.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5. | കണ്ണൂർ ജില്ല- തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയിലെ പുതിയങ്കാവ്-അന്നൂർ റോഡിന്റെ നവീകരണം | 100.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6. | കണ്ണൂർ ജില്ല- തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - രാമന്തളി ഗ്രാമപ്പഞ്ചായത്തിലെ മൊട്ടക്കുന്ന് അമ്പലം റോഡിന്റെ നവീകരണം | 24.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7. | കണ്ണൂർ ജില്ലയിലെ തീരദേശ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ കാപ്പാട് - നാട്ടിക്കടവ് റോഡ് മെച്ചപ്പെടുത്തൽ, പയ്യന്നൂർ എൽഎസി, കണ്ണൂർ ജില്ല | 100.00 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 8. | കണ്ണൂർ ജില്ല 2024-25 - തീരദേശ റോഡിൻറെ നിലവാരം ഉയർത്തുന്ന പ്രവൃത്തി - രാമന്തളി ഗ്രാമപഞ്ചായത്തിലെ തുരുത്തുമ്മൽ കോളനി റോഡ് | 47.00 | റീടെണ്ടർ ചെയ്തിട്ടുണ്ട്. |

# അനുബന്ധം – 2

| കാലയളവ് | പദ്ധതി | ഘടക പദ്ധതിയുടെ പേര് | അനുവദിച്ച തുക ( രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2021–22 | ജനകീയ മത്സ്യകൃഷി | പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റ് | 10,820 | തുർന്ന് വരുന്നു |
| | | പടുതാകുളങ്ങളിലെ ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി | 3,10,082 | പദ്ധതി പൂർത്തീകരിച്ചു |
| | | ശുദ്ധജലമത്സ്യകൃഷി | 24,401 | പദ്ധതി പൂർത്തീകരിച്ചു |
| | | ബയോഫ്ളോക് ഫിഷ് ഫാമിംഗ് | 1,09,254 | പദ്ധതി പൂർത്തീകരിച്ചു |
| | | കല്ലുമ്മേക്കായകൃഷി | 3,08,549 | പദ്ധതി പൂർത്തീകരിച്ചു |
| | | ഓരുജല കൂട്കൃഷി | 11,40,634 | പദ്ധതി പൂർത്തീകരിച്ചു |
| | | ശാസ്ത്രീയ ഓരുജലമത്സ്യകൃഷി | 1,45,451 | പദ്ധതി പൂർത്തീകരിച്ചു |
| | പ്രധാന മന്ത്രി മത്സ്യസമ്പദയോജന | ബയോഫ്ളോക് ഫിഷ് ഫാമിംഗ് | 855445 | പദ്ധതി തുടർന്ന വരുന്ന |
| | | മീഡിയം റിയറിംഗ് യൂണിറ്റ് | 3,12,000 | പദ്ധതി തുടർന്ന വരുന്ന |
| | | പുതിയ പോണ്ട് നിർമ്മിച്ച് ഓരുജലമത്സ്യകൃഷി | 10,89,074 | പദ്ധതി തുടർന്ന വരുന്ന |
| | | ഓരുജല കൂട്കൃഷി | 8,69,455 | പദ്ധതി തുടർന്ന വരുന്ന |
| | | പിന്നാപുറ അലങ്കാര മത്സ്യകൃഷി | 300000 | പദ്ധതി തുടർന്ന വരുന്ന |
| 2022–23 | ജനകീയ മത്സ്യകൃഷി | പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റ് | 1,41,984 | തുർന്ന് വരുന്നു |
| | | ശുദ്ധജല കൂട്കൃഷി | 68,890 | പദ്ധതി പൂർത്തീകരിച്ചു |
| | | മറൽ ഫിഷ് ഇൻ കെയ്ജ് | 716688 | പദ്ധതി പൂർത്തീകരിച്ചു |
| | | മറൽ ഇൻ പടുത | 550572 | പദ്ധതി പൂർ |

| | | | | |
|---|---|---|---|---|
| | | | | ത്തീകരിച്ചു |
| | | പങ്കേഷ്യസ് ഇൻ പടുത | 90,679 | പദ്ധതി പൂർത്തീകരിച്ചു |
| | | കല്ലുമ്മേക്കായകൃഷി | 1,66,116 | പദ്ധതി പൂർത്തീകരിച്ചു |
| | | കരിമീൻ കൂട് കൃഷി | 8,30449 | പദ്ധതി പൂർത്തീകരിച്ചു |
| | | തിലാപ്പിയ ഇൻ ബാസ് | 2,35,487 | പദ്ധതി പൂർത്തീകരിച്ചു |
| | | കുളത്തിലെ കരിമീൻ കൃഷി | 29,120 | പദ്ധതി പൂർത്തീകരിച്ചു |
| | പ്രധാന മന്ത്രി മത്സ്യസമ്പദയോജന | പിന്നാമ്പുറ അലങ്കാര മത്സ്യകൃഷി | 333012 | പദ്ധതി തുടർന്ന് വരുന്നു |
| 2023-24 | ജനകീയ മത്സ്യകൃഷി | പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റ് | 2,60,792 | പദ്ധതി തുടർന്ന് വരുന്നു |
| | | കരിമീൻ കൂട് കൃഷി | 9,30,792 | പദ്ധതി പൂർത്തീകരിച്ചു |
| | | കുളത്തിലെ കരിമീൻ കൃഷി | 2,84,480 | പദ്ധതി പൂർത്തീകരിച്ചു |
| | | പെൻ കൾച്ചർ | 5,82,420 | 5 ഗ്രൂപ്പുകൾ തുടർന്ന് വരുന്നു |
| | | പങ്കേഷ്യസ് ഇൻ പടുത | 1,68,945 | പദ്ധതി പൂർത്തീകരിച്ചു |
| | | മറൽ ഇൻ പടുത | 5,48,455 | പദ്ധതി പൂർത്തീകരിച്ചു |
| | | കല്ലുമ്മേക്കായകൃഷി | 5,04,344 | പദ്ധതി പൂർത്തീകരിച്ചു |
| | | തിലാപ്പിയ ഇൻ ബാസ് | 39,628 | പദ്ധതി പൂർത്തീകരിച്ചു |
| | പ്രധാന മന്ത്രി മത്സ്യസമ്പദയോജന | കല്ലുമ്മേക്കായകൃഷി | 3,55,744 | പദ്ധതി പൂർത്തീകരിച്ചു |
| 2024-25 | ജനകീയ മത്സ്യകൃഷി | പിന്നാമ്പുറ മത്സ്യ വിത്തുല്പാദന യൂണിറ്റ് | 94,708 | പദ്ധതി പൂർത്തീകരിച്ചു |
| | പ്രധാന മന്ത്രി മത്സ്യസമ്പദയോജന | കല്ലുമ്മേക്കായകൃഷി | 1,04,000 | പദ്ധതി പൂർത്തീകരിച്ചു |
| | | ഓരുജല കൂട്കൃഷി | 57,227 | പദ്ധതി പൂർത്തീകരിച്ചു |
| **ആകെ** | | | **12569697** | |